**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1791** **29-07-2021 - ൽ മറുപടിയ്ക്ക്**

**നികുതി വരുമാന വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാന സർക്കാരിന് ലഭിക്കേണ്ട നികുതി വരുമാന വിഹിതത്തിൽ 2020-21 സാമ്പത്തിക വർഷം ലഭിക്കേണ്ടത് എത്ര കോടി രൂപയായിരുന്നുവെന്ന് അറിയിക്കാമോ; | (എ) | 2020-21 സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിൽ നിന്നും നികുതി വരുമാന വിഹിതത്തിൽ 12,987.85/- കോടി രൂപയായിരുന്നു ലഭിക്കേണ്ടിയിരുന്നത്. ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16 ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ നിന്നും എസ്.ജി.എസ്.ടി കളക്ഷനും, ഐ.ജി.എസ്.ടി ക്രഡിറ്റും ആ മാസം ലഭിച്ച എൽ.എൻ.ജി ഒഴിച്ചുള്ള വാറ്റ് കളക്ഷനും കുട്ടിക്കിഴിച്ചുള്ള ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. ദ്വൈമാസക്കണക്കിൽ ആണ് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നത്. എന്നാൽ നിലവിലെ കോവിഡ് സാഹചര്യവും കോമ്പൻസേഷൻ സെസ്സിൽ വരുമാനത്തിൽ ഉണ്ടായ കുറവും കാരണം സംസ്ഥാനങ്ങൾക്ക് കൃത്യമായ നഷ്ടപരിഹാരം നൽകാൻ കഴിയാത്ത സാഹചര്യത്തിൽ സംസ്ഥാനങ്ങൾ തത്തുല്യമായ തുക കടമെടുക്കാനുള്ള പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റ് മുന്നോട്ട് വെച്ചു. എന്നാൽ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ എതിർപ്പിനെ തുടർന്ന് കേന്ദ്രം തന്നെ പൊതുവിപണിയിൽ നിന്നും 1,10,000/- കോടി രൂപ കടമെടുത്ത് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നല്കുന്നതിന് തീരുമാനിച്ചു. ഈ രീതിയിൽ കേരളത്തിന് 2020-21 സാമ്പത്തിക വർഷം 5766.00 കോടി രൂപ നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ട്. കോമ്പൻസേഷൻ ഇനത്തിൽ ഇനി ലഭിക്കേണ്ട തുക, ഇതുവരെ ലഭിച്ചത് (മാസാടിസ്ഥാത്തിൽ), ഗ്രാന്റ്, ലോൺ എന്നിവ തിരിച്ചുള്ള വ്യക്തമായ കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഇതിൽ എത്ര കോടി രൂപ ലഭ്യമായി; മുഴുവൻ തുകയും ലഭ്യമായോ; കുടിശ്ശികയുണ്ടോ; വിശദമാക്കുമോ? | (ബി) | 2020-21 സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിൽ നിന്നും നികുതി വരുമാന വിഹിതത്തിൽ 12,987.85/- കോടി രൂപയായിരുന്നു ലഭിക്കേണ്ടിയിരുന്നത്. ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് പാർലമെന്റ് |

| | | | | |
|---|---|---|---|---|
| | | | | പാസാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16 ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ നിന്നും എസ്.ജി.എസ്.ടി കളക്ഷനും, ഐ.ജി.എസ്.ടി ക്രഡിറ്റും ആ മാസം ലഭിച്ച എൽ.എൻ.ജി ഒഴിച്ചുള്ള വാറ്റ് കളക്ഷനും കൂട്ടിക്കിഴിച്ചുള്ള ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. ദ്വൈമാസക്കണക്കിൽ ആണ് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നത്. എന്നാൽ നിലവിലെ കോവിഡ് സാഹചര്യവും കോമ്പൻസേഷൻ സെസ്സിൽ വരുമാനത്തിൽ ഉണ്ടായ കുറവും കാരണം സംസ്ഥാനങ്ങൾക്ക് കൃത്യമായ നഷ്ടപരിഹാരം നൽകാൻ കഴിയാത്ത സാഹചര്യത്തിൽ സംസ്ഥാനങ്ങൾ തത്തുല്യമായ തുക കടമെടുക്കാനുള്ള പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റ് മുന്നോട്ട് വെച്ചു. എന്നാൽ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ എതിർപ്പിനെ തുടർന്ന് കേന്ദ്രം തന്നെ പൊതുവിപണിയിൽ നിന്നും 1,10,000/- കോടി രൂപ കടമെടുത്ത് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നല്കുന്നതിന് തീരുമാനിച്ചു. ഈ രീതിയിൽ കേരളത്തിന് 2020-21 സാമ്പത്തിക വർഷം 5766.00 കോടി രൂപ നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ട്. കോമ്പൻസേഷൻ ഇനത്തിൽ ഇനി ലഭിക്കേണ്ട തുക, ഇതുവരെ ലഭിച്ചത് (മാസാടിസ്ഥാത്തിൽ), ഗ്രാന്റ്, ലോൺ എന്നിവ തിരിച്ചുള്ള വ്യക്തമായ കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ